**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 916** **24-02-2022 - ൽ മറുപടിയ്ക്ക്**

**കാട്ടുപന്നികളെ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പട്ടാമ്പി മണ്ഡലത്തിലെ ഏതാണ്ട് എല്ലാ കൃഷിസ്ഥലങ്ങളും കാട്ടുപന്നി ആക്രമണ ഭീഷണിയുടെ നിഴലിലാണെന്നത് സർക്കാറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കാട്ടു പന്നിയെ വെടിവയ്ക്കുന്നതിനു പാലക്കാട് ജില്ലയിൽ അനുമതി ലഭിച്ചിട്ടുള്ളവർക്ക് അവശ്യമായ വെടിയുണ്ടകൾ ലഭിക്കാത്ത സാഹചര്യം നിലവിലുണ്ടെന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവ എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ തോക്ക് ലൈസൻസ് ഉള്ള വ്യക്തിക്ക് ഒരു വർഷം 200 വെടിയുണ്ടകൾ മാത്രമാണ് വാങ്ങിക്കാൻ അനുമതിയുള്ളത്. നാട്ടിലിറങ്ങി ജീവനും സ്വത്തിനും കൃഷിയ്ക്കും നാശം വരുത്തുന്ന കാട്ടുപന്നികളെ ഉപാധികളോടെ വെടിവച്ചു കൊല്ലുന്നതിന് സന്നദ്ധരായ തോക്കു ലൈസൻസുള്ള 34 വ്യക്തികളെ പാലക്കാട് ഡിവിഷനിൽ എംപാനൽ ചെയ്തിട്ടുള്ളതാണ്. ഇപ്രകാരം ഒറ്റപ്പാലം റെയിഞ്ചിൽ എംപാനൽ ചെയ്തിട്ടുള്ള ശ്രീ.അബ്ബാസ് എന്നയാൾക്ക് വെടിയുണ്ട തീർന്നതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ വെടിയുണ്ടകൾ ലഭിക്കുന്നതിനുള്ള അനുമതിക്കായി ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ